(ബി) എങ്കിൽ ഈ പദ്ധതികളുടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(സി) ഭരണാനുമതി എന്നേയ്ക്ക് ലഭിക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ്, തോട്ടമുഖം റെഗുലേറ്റർ -കം-ബ്രിഡ്ജ് തുടങ്ങിയ പ്രവൃത്തികൾക്കായി പുതുക്കിയ CPWD rate പ്രകാരമുള്ള എസ്റ്റിമേറ്റ് പദ്ധതി വിഭാഗം (2) ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളക്കരം

175 (2730) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെള്ളക്കരം എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു, നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത് ; നിലവിലുണ്ടായിരുന്നതിന്റെയും വർദ്ധിപ്പിച്ച നിരക്കുകളുടെയും വിശദാംശം നൽകുമോ ;

(ബി) ഡ്രെയിനേജിന് നാളിതുവരെ ഫീസ് ഈടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളക്കരം ഒരു പ്രാവശ്യം വർദ്ധിപ്പിച്ചു. ഓരോ സ്ലാബിലുമുള്ള നിരക്ക് വർദ്ധനവിന്റെ ശതമാനം ചുവടെ കാണാവുന്നതാണ് :

15 കി.ലി. മുതൽ 20 കി.ലി. വരെ	- 35.11 ശതമാനം
20 കി.ലി. മുതൽ 25 കി.ലി. വരെ	- 49.18 "
25 കി.ലി. മുതൽ 30 കി.ലി. വരെ	- 82.73 "
30 കി.ലി. മുതൽ 40 കി.ലി. വരെ	- 109.59 "
40 കി.ലി. മുതൽ 50 കി.ലി. വരെ	- 96.27 "

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുണ്ടായിരുന്നതിന്റെയും വർദ്ധിപ്പിച്ച നിരക്കുകളുടെയും വിശദാംശം ഉൾക്കൊള്ളിക്കുന്ന 25-9-2008-ലെ സ.ഉ.(എംഎസ്.) 44/08/ജവിവ നമ്പർ ഉത്തരവ്, 27-2-2009-ലെ

സ.ഉ.(എംഎസ്.) 8/09/ജവിവ. നമ്പർ ഉത്തരവ്, 25-9-2014-ലെ

സ.ഉ.(എംഎസ്.) 88/14/ജവിവ. നമ്പർ ഉത്തരവ്, 30-9-2014-ലെ

സ.ഉ.(എംഎസ്.) 92/14/ജവിവ. എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഡ്രെയിനേജ് കണക്ഷന് കണക്ഷൻ ഫീസില്ലാതെ 09/2014 വരെ ചാർജ് ഈടാക്കാറില്ലായിരുന്നു. പുതിയ ഉത്തരവനുസരിച്ച് ഉപഭോക്താക്കളിൽ നിന്ന് കുടിവെള്ള ചാർജിന്റെ 10 ശതമാനം ഡ്രെയിനേജ് ചാർജ് ഈടാക്കുന്നു.

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾക്ക് അനുമതി

176 (2731) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾക്കാണ് 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇനിയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.